B2- 10361/19



# വകുപ്പുതല കണക്കുപരിശോധനാറിപ്പോർട്ട്

## ബ്ലോക്ക് പട്ടികജാതിവികസന ഓഫീസ്,കാസറഗോഡ് ബ്ലോക്ക്

275
SJ 17/7/19

| | |
|---|---|
| പരിശോധനാതീയതി | : 10.09.2018 മുതൽ14.09.2018 വരെ |
| പരിശോധനാകാലയളവ് | :01.04,2014 മുതൽ 31.03.2018 വരെ |
| പരിശോധനാവിഭാഗം | :ഫിനാൻസ്.ഇ ആഡിറ്റ് സെക്ഷൻ |
| പരിശോധനാടീമിൽ പങ്കെടുത്തവർ | :1.കെ.കെ,പ്രസാദ്(സീനിയർ സൂപ്രണ്ട്) |
| | 2.കെ.കെ.ശ്രീരാജ് (ക്ളാർക്ക് ഹയർ ഗ്രേഡ്) |

### പരിശോധനാകാലയളവിൽ ജോലിനോക്കിയിരുന്ന ഉദ്യോഗസ്ഥർ

പട്ടികജാതിവികസന ഓഫീസർമാർ

| | |
|---|---|
| 1.ശ്രീ.ബഷീർ.പി.വി.~~PEN.No.227~~120 | : 01-04-2014 മുതൽ 17.08.2017 വരെ |
| 2. ശ്രീമതി.ജാനകി PE~~N.No.~~227120 | : 18-08-2017 മുതൽ 03-10-2017 വരെ |
| 3.ശ്രീ.ബഷീർ.പി.വി.PE~~N.No~~.227120 | : 04-10.2017 മുതൽ തുടരുന്നു. |

2. ആമുഖം.

ഫീൽഡ്തല പരിശോധന .

കാസറഗോഡ് ബ്ലോക്ക് പട്ടിക ജാതി വികസന ഓഫീസിൽ 10/9/2018 മുതൽ 15/9/2018 വരെ നടക്കുന്ന ഡിപ്പാർട്ട്മെന്റ് ഓഡിറ്റ് ഭാഗമായി സീനിയർ ഫിനാൻസ് ഓഫീസർ ശ്രീ. എം .മുഹമ്മദ് ഹാരീസിന്റെ നേതൃത്വത്തിൽ ഫീൽഡ്വിസിറ്റ് ~~നത്തയതു~~ നടത്തിയതു സംബന്ധിച്ച റിപ്പോർട്ട്

**1.ഭവനിർമ്മാണധസഹായം-**

1. 2017- 18 വർഷത്തെ ഭവന നിർമാണ ഗുണഭോക്താവായ ശ്രീമതി ചിത്ര എൻ എസ്, നലക്കള കോളനി എന്നയാളുടെ വീട് സന്ദർശിച്ചു. വീട് വാർപ്പ് പണി പൂർത്തിയായി, വാതിൽ, ജനൽ കതക് ഫിറ്റ് ചെയ്യാൻ ബാക്കിയുണ്ട്.

10301



2. 2016- 17 വർഷ ഗുണഭോക്താവായ വിനോദ് കുമാർ, പാങ്കോട് എന്നയാളുടെ വീട് സന്ദർശിച്ചു അവസാന ഗഡു കൈപ്പറ്റി വാർപ്പ് കഴിഞ്ഞു. ഫിനിഷിംഗ് പണികൾ ബാക്കിയാണെന്ന് പരിശോധനയിൽ മനസിലാകുന്നു.

3. മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ 2016- 17 വർഷ ഗുണഭോക്താവ് വാമനകുമാറിന്റെ വീട് സന്ദർശിച്ചു. അവസാന ഗഡു കൈപ്പറ്റി പൂർത്തിയാക്കിയിട്ടുണ്ട്. ഫിനിഷിംഗ് പണികൾ ബാക്കിയാണ്.

4. 2017 - 18 വർഷം വകുപ്പ് നൽകിയ ശ്രീ അശോകൻ S/0 ഐത്ത എന്നയാളുടെ കല്ലക്കട്ടയിലെ വീട് സന്ദർശിച്ചു.വീട് ടൈൽസ്പാകി ചുമർതേച്ച് നന്നാക്കി താമസം തുടങ്ങിയിട്ടുണ്ട്.

5. ശ്രീമതി രത്നാവതി എന്നയാളുടെ കല്ലക്കട്ടയിലെ 2017- 18ൽ അനുവദിച്ച വീട് പരിശോധിച്ചു. നിർമ്മാണം കുറ്റമറ്റരീതിയിൽ പൂർത്തിയാക്കിയിട്ടുള്ളതായിക്കാണുന്നു.

6. 2016 - 17 വർഷം സഹായം നൽകിയ ശ്രീ സുമതി എന്നവരുടെ ബാറടുക്കയിലെ വീട് സന്ദർശിച്ചു. പൂർത്തിയായിട്ടുണ്ട്. താമസം തുടങ്ങിയതായി കാണുന്നില്ല.

2. <u>വീട് പുനരുദ്ധാരണം</u> : 2016 - 17 വർഷം വകുപ്പ് വീട് പുനരുദ്ധാരണ സഹായം നൽകിയ ശ്രീ മഹാലിങ്ക, എന്നവരുടെ കല്ലക്കട്ട ബാഞ്ചാർമൂലയിലെ വീട് പരിശോധിച്ചു. എസ്റ്റിമേറ്റ് പ്രകാരമുള്ളപണികൾ പൂർത്തീകരിച്ചതായി കാണുന്നു.

3. <u>പഠന മുറി:</u>

1.2017 - 18 വർഷം വകുപ്പ് പഠനമുറി സഹായം നൽകിയ ശ്രീ നാരായണ എന്നവരുടെ ബാഡുക്കയിലെ വീട് സന്ദർശിച്ചു.പണി പൂർത്തിയാക്കി നിലം ടൈൽസ് പാകിയിട്ടുണ്ട്.

2. ഷൈലജ, ധ/o ദിനേശ അമെയ് കോളനി എന്നവർക്ക് 2016-17ൽ അനുവദിച്ച പഠനമുറി സന്ദർശിച്ചു. ഭേദപ്പെട്ട രീതിയിലാണ് നിർമ്മാണം. നിലം ടൈൽസ് പാകുകയും, ജനലുകളും അലമാരയും ഉൾപ്പെടെ പൂർത്തീകരിച്ചിട്ടുണ്ട്

4. <u>**സ്ഥലം വാങ്ങൽ:**</u>

1.2017-18- മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ അനിൽ കുമാർ S/ 0 സുന്ദര ബെദ്രഡുക്ക എസ് സി കോളനി എന്നയാൾ വാങ്ങിയ 6 സെന്റ് സ്ഥലം സന്ദർശിച്ചു. ഈ സ്ഥലത്ത് ഡിപ്പാർട്ട്മെന്റ് ഫണ്ട് ഉപയോഗിച്ച് വീട് നിർമാണവും പൂർത്തീകരിച്ചിട്ടുണ്ട്.

2.2017-18-.ശ്രീ അജിത് എസ് എന്നയാൾ ഇതേ സ്ഥലത്ത് വാങ്ങിയ 5 സെന്റ് സ്ഥലവും സന്ദർശിച്ചു.

3. 2016- 17 വർഷം സ്ഥലം വാങ്ങുന്ന പദ്ധതി പ്രകാരം സഹായമനുദിച്ച ശ്രീമതി ശുഭാഷിനി, ശീമതി ശശിധര എന്നിവർ വാങ്ങിയ സ്ഥലം പരിശോധിച്ചു.

4. മധൂർ ഗ്രാമ പഞ്ചായത്തിലെ ശ്രീ മുരുകേഷ് എന്നയാൽ 2014- 15 വർഷം വൾനറബിൾ സ്കീമിൽ വാങ്ങിയ സ്ഥലവും അവിടെ നിർമിച്ച വീടും പരിശോധിച്ചു. എല്ലാ പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

5. 2017 - 18 വർഷം വകുപ്പ് സ്ഥലം വാങ്ങുന്നതിന് സഹായം നൽകിയ ശ്രീ രഘുരാമ ഗോളുകട്ട എന്നയാൾ വാങ്ങിയ സ്ഥലം പരിശോധിച്ചു.- വകുപ്പിന്റെ മാനദണ്ഡങ്ങൾക്ക് വിധേയമായി വീട്നിർമ്മിക്കാൻ പര്യാപ്തമായ നല്ലസ്ഥലമാണ് ഇവർ വാങ്ങിയിട്ടുള്ളതെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടു.

## 5. വിജ്ഞാൻവാടി പെർണടുക്ക

മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തിലെ പെർണടുക്ക വിജ്ഞാൻവാടി സന്ദർശിച്ചു. വകുപ്പ് നിർമിച്ച സ്വന്തം കെട്ടിടത്തിൽ പുസ്തകങ്ങളും മറ്റു സൗകര്യങ്ങളുമുണ്ട്. ഇവിടെ 09/2018 മുതൽ ശ്രീമതി ശാമിലി എന്നയാളെ ട്യൂട്ടറായി നിയമിച്ചതായി കാണുന്നു.തറ ടൈൽസ് പാകേണ്ടതുണ്ട്, കെട്ടിടത്തിന് പെയിന്റടിക്കേണ്ടതുണ്ട്. പുതിയ പുസ്തകങ്ങൾ,ലൈബ്രറിയ്ക്കാവശ്യമുള്ള മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും കമ്പ്യൂട്ടർ റിപ്പയർ ചെയ്യുന്നതിനും ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ എസ്.സി.എസ്.പി വിഹിതത്തിൽനിന്നുംതുക കണ്ടെത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

## 6. വിജ്ഞാൻവാടി കുണ്ടങ്കാറഡുക്ക

കുമ്പള ഗ്രാമ പഞ്ചായത്തിലെ കിദൂർ കുണ്ടങ്കാറഡുക്ക വിജ്ഞാൻവാടി സന്ദർശിച്ചു. ഇവിടെ 09/2018 മുതൽ ശ്രീമതി കാവ്യശ്രീ എന്നയാളെ ട്യൂട്ടറായി നിയമിച്ചിട്ടുണ്ട്. ഈ വിജ്ഞാൻവാടിക്ക് സ്വന്തം ബിൽഡിംഗില്ല. താൽകാലിക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഇതിന് സ്ഥിരം കെട്ടിടം ആവശ്യമാണ്. ബ്ലോക്ക്/ഗ്രാമ പഞ്ചായത്തുകളുടെ എസ്.സി.എസ്.പി വിഹിതത്തിൽനിന്നുംതുക കണ്ടെത്തുന്നതിന് ശ്രമിക്കേണ്ടതാണ്.

## 7. സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

1.കിദൂർ-കുണ്ടങ്ങാരടുക്ക -കുമ്പള (2012-13). സ്ഥലം സന്ദർശിച്ചു. പദ്ധതി പൂർത്തീകരിച്ച് ഉദ്ഘാടനം 29/09/2015-ന് ബഹു. മുൻ കേരള ആഭ്യന്തര മന്ത്രി ശ്രീ.രമേശ്

ചെന്നിത്തല നിർവ്വഹിച്ചതായി അറിയാൻ കഴിഞ്ഞു. ഏജൻസി ഫൈനൽ ബില്ല് നൽകിയോ എന്ന് ഫയലിൽ വ്യക്തമല്ല. ഇതുസംബന്ധിച്ച് വ്യക്തത വരുത്തേണ്ടതാണ്.

## 8 സ്വയം പര്യാപ്ത ഗ്രാമം പദ്ധതി

1. **അമെയ് കോളനി (2012-13)** പുരോഗതി വിലയിരുത്തുന്നതിന് സ്ഥലം സന്ദർശിച്ചു. എസ്റ്റിമേറ്റിൽ കാണിച്ച പ്രധാന പ്രവൃത്തികൾ നടന്നതായി കാണുന്നുവെങ്കിലും രണ്ട് വർഷമായി പദ്ധതി പെന്റിംഗായി കിടക്കുകയാണ്. താഴെപറയുന്ന പ്രവൃത്തികൾ നടന്നതായി കാണുന്നു.

1.പ്രധാന റോഡ് കോൺക്രീറ്റ് ചെയ്തു.

2. കിണർ പുനരുദ്ധാരണം ചെയ്തു.

3.അംഗൻവാടി റിപ്പയറിംഗ് പണി പകുതിവരെയായി,

4. 40ലേറെ വീടുകൾ പ്ലാസ്റ്ററിംഗ് ചെയ്തതായി കാണുന്നു.

5.ഓവുചാൽ പലഭാഗത്തും പൂർത്തീകരിച്ചു കാണുന്നുവെങ്കിലും ഫിനിഷിംഗ് ബാക്കിയുണ്ട്.

6.ക്ലബ്ബിനും കമ്മ്യൂണിറ്റി ഹാളിനും വിതരണം ചെയ്യുവാനുള്ള സാധന സാമഗ്രികൾ വിതരണം ചെയ്തിട്ടില്ല.

7. ഇലക്ട്രിഫിക്കേഷൻ, ഫർണിഷിംഗ് തുടങ്ങിയ വർക്കുകൾ പൂർത്തീകരിച്ചിട്ടില്ല,

25 ലക്ഷം രൂപയാണ് അഡ്വാൻസ് അനുവദിച്ചത്. കൂടാതെ 31 ലക്ഷം രൂപയുടെ പ്രവർത്തികൾ കൂടി അധികമായി പൂർത്തീകരിച്ചതായി എഫ്.ഐ.ടി. ബിൽ സമർപ്പിച്ചത് ശുപാർശ ചെയ്ത് അയച്ചിട്ടുണ്ട്.

വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ കണ്ണൂരിൽ ചേർന്ന യോഗത്തിൽ പദ്ധതി വൈൻഡ് അപ് ചെയ്ത് ബിൽ സമർപ്പിക്കുന്നതിന് ഏജൻസിക്ക് 2 ആഴ്ച്ച സമയം നൽകിയെങ്കിലും ബിൽ സമർപ്പിച്ചിട്ടില്ല എന്ന് എസ് സി ഡി ഒ അറിയിച്ചു. .

## 9 .അംബേദ്ക്കർ സ്വാശ്രയ ഗ്രാമം -

1. **കാസറഗോഡ് മണ്ഡലത്തിലെ ചെങ്കള- കല്ലക്കട്ട** അംബേദ്കർ സ്വാശ്രയ പദ്ധതി പ്രദേശം സന്ദർശിച്ചു. എസ്റ്റിമേറ്റ് ഡയറക്ടറേറ്റിൽ നിന്നും അംഗീകരിച്ച്

ലഭ്യമായത് പ്രകാരം എം.ഒ.യു. തയ്യാറാക്കി നിർമ്മിതി സമർപ്പിച്ചതായി കാണുന്നു. നിർമിതി എഞ്ചിനിയറുമായി സംസാരിച്ചു. ഉടൻ പണി ആരംഭിക്കുമെന്ന് അറിയിച്ചിട്ടുണ്ട്.

2. **കാസറഗോഡ് മണ്ഡലത്തിലെ ബദിയടുക്ക ബാറഡുക്ക അംബേദ്കർ** സ്വാശ്രയ പദ്ധതി പ്രദേശം നിർമിതി കേന്ദ്രയുടെ എഞ്ചിനിയർ ശ്രീശ്രീജിത്തിനൊപ്പം സന്ദർശിച്ചു. പുനരുദ്ധരിക്കേണ്ട വീടുകൾ നേരിൽ കണ്ടു. കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവ സന്ദർശിച്ചു. എസ്റ്റിമേറ്റ് ഡയറക്ടർ അംഗീകരിച്ചുലഭ്യമായിട്ടുണ്ട്.ഉടൻ പ്രവൃത്തി തുടങ്ങുമെന്ന് എഞ്ചിനിയർ അറിയിച്ചു

4. **ഹോസ്റ്റൽ സന്ദർശനം**

1. **ബദിയടുക്ക ആൺ കുട്ടികളുടെ പ്രിമെട്രിക്ക് ഹോസ്റ്റൽ** സന്ദർശിച്ചു. വാർഡൻ, കുക്ക്, പി. റ്റി എസ് സ്ഥലത്തുണ്ടായിരുന്നു. 40 കുട്ടികളിൽ 35 പേർ ഹാജരുള്ളതായി വാർഡൻ അറിയിച്ചു. കുട്ടികൾ തൊട്ടടുത്ത സ്കൂളിലാണ് പഠിക്കുന്നത്. ഉച്ച ഭക്ഷണത്തിന് ഹോസ്റ്റലിലെത്തുന്നു. മെനു പ്രകാരം ഭക്ഷണം തയ്യാറാക്കിയിട്ടുണ്ട്. എൻ എം ഡി സി വിതരണം ചെയ്യുന്ന ഭക്ഷ്യ സാധനങ്ങൾ പരിശോധിച്ചു. സാധനങ്ങൾ ഒന്നാം തിയ്യതിക്കു മുമ്പ് തന്നെ എത്തുന്നതിന് നടപടി വേണമെന്ന് വാർഡൻ ആവശ്യപ്പെട്ടു. സാധനങ്ങൾ ഗുണമേന്മ സൂക്ഷിക്കുന്നതായി വാർഡൻ പറഞ്ഞു.

2.**കാസറഗോഡ് ആൺ കുട്ടികളുടെ പ്രിമെട്രിക്ക് ഹോസ്റ്റൽ** സന്ദർശിച്ചു. മുനിസിപ്പൽ പ്രൊജക്റ്റ് വെച്ച് ഹോസ്റ്റലിൽ നല്ല സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. വാർഡൻ, കുക്ക്, പി. റ്റി എസ് സ്ഥലത്തുണ്ടായിരുന്നു. 30 കുട്ടികളാണ് ഹോസ്റ്റലിലുള്ളത്. പൊതുവെ വൃത്തിയിൽ ഹോസ്റ്റൽ പരിപാലിച്ചു കാണുന്നു.മെനു പ്രകാരമുള്ള ആഹാരം കുട്ടികൾക്ക് നൽകുന്നതായി ബോധ്യപ്പെട്ടു.ജീവനക്കാരുടെ പ്രത്യേകിച്ച് വാർഡൻ,കുക്കുമാർ എന്നിവരുടെ പ്രവർത്തനം മാതൃകാപരമെന്ന് അഭിപ്രായപ്പെടുന്നു. കുട്ടികൾ പച്ചക്കറി കൃഷി ചെയ്തത് മാതൃകാപരമാണ്.

3. **കാസറഗോഡ് പെൺകുട്ടികളുടെ പോസ്റ്റ്മെട്രിക്ക് ഹോസ്റ്റലിൽ** സന്ദർശനം നടത്തി. 60 പേരെ താമസിപ്പിക്കാൻ സൗകര്യമുള്ള ഇവിടെ നിലവിൽ 54 കുട്ടികളുണ്ട്. RT യോ സീനിയർ സൂപ്രണ്ടോ ഈ ഹോസ്റ്റലിനില്ല. കാസർകോട് ADDO യ്ക്കാണ് നിലവിൽ RT ചുമതല. നേരത്തെ കാസർകോട് എസ് സി ഡി ഒ ചാർജ് വഹിച്ചിരുന്നതായി അറിഞ്ഞു. സ്റ്റുവാർഡ്, കുക്ക്, മെസ്സ് ഗേൾ സ്ഥലത്തുണ്ടായിരുന്നു. വിദ്യാർത്ഥിനികളുമായി പഠനകാര്യങ്ങളും ഹോസ്റ്റലിന്റെ സൗകര്യങ്ങളും ചോദിച്ചു മനസ്സിലാക്കി. പരാതികളില്ല. ഭക്ഷ്യവസ്തുക്കൾ എൻ എം ഡി സി വഴിയാണ് വിതരണം. സാധനങ്ങൾ പരിശോധിച്ചു.

**ഗാന്ധി ഗ്രാമപദ്ധതി.** ബദിയുടക്ക ഗ്രാമ പഞ്ചാത്തിൽ ഗോളിയടുക്കയിൽ ഗാന്ധി ഗ്രാമ പദ്ധതി നടപ്പിലാക്കിയ സ്ഥലം സന്ദർശിച്ചു.എസ്റ്റിമേറ്റ്പ്രകാരമുള്ള എല്ലാപ്രവർത്തികളും പൂർത്തിയാക്കിയതായി കാണുന്നില്ല. റോഡ് നിർമ്മാണം, ഓട നിർമ്മാണം, റോഡ് കോൺക്രീറ്റ് എന്നിവമാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. 63,69,903/-രൂപ നിർമ്മാണ ഏജൻസിക്ക് നൽകിയിട്ടുള്ളതായി കാണുന്നു. എസ്റ്റിമേറ്റ് പ്രകാരമുള്ള ശേഷിക്കുന്നപ്രവൃത്തികൾ വൈന്റ് അപ് ചെയ്ത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കേണ്ടതാണ്.

## മുൻ ഓഡിറ്റുകൾ സംബന്ധിച്ച്.

## (എ) അക്കൗണ്ടന്റ് ജനറലിന്റെ പരിശോധന സംബന്ധിച്ച്.

01-03-2016 മുതൽ 31-03-2017 വരെ ഏ.ജി പരിശോധനാവിധേയമാക്കിയിട്ടുണ്ട്. 12-04-2017 ലെ . OA(HQ)IV/II/12-244/1ട്ടുണ്ടെങ്കിലും പ്രാഥമികമറുപടിപോലും നൽകിയതായി കാണുന്നില്ല.6-17 പ്രകാരം റിപ്പോർട്ട് ന്യൂനതപരിഹരണത്തിനായി എസ്.സി.ഡി.ഒ ക്ക് നൽകിയി

മുൻ ഓഡിറ്റുകളുടെ തീർപ്പാക്കാനുള്ള ഖണ്ഡികകൾ ചുവടെ പറയുന്നു.

1. OA(HQ)II/IV/12-195/13-14/--part.II B para IV.

2OA(HQ)II/IV/12-265/15-16/--part.II B para I,II,III& IV.

ഈ ഖണ്ഡികകളുടെ മറുപടിയും 01-03-2016 മുതൽ 31-03-2017 വരെ യുള്ള പരിശോധനയിൽ പരാമർശിച്ചിട്ടുള്ള (OA(HQ)IV/II/12-244/16-17 ) II B para I,II,III,IV,V&VI വരെയുള്ള ഖണ്ഡികകളുടേയും മറുപടിനല്കി വിവരം റിപ്പോർട്ടുചെയ്യേണ്ടതാണ്.

## (ബി)-വകുപ്പ്തല പരിശോധന.

01-04-2012 മുതൽ 31-03-2014 വരെയുള്ള കാലയളവ് ആഭ്യന്തര പരിശോധനാ വിഭാഗം (ഫിൻ.ഡി)ഓഡിറ്റിന് വിധേയമാക്കുകയും റിപ്പോർട്ട് ന്യൂനതപരിഹരണത്തിനായി എസ്.സി.ഡി.ഒ ക്ക് നല്കുകയും ഇതിന്റെ അടിസ്ഥാനത്തിൽ മറുപടി 28-04-2017 നൽകുകയും ഈ മറുപടി അംഗീകരിച്ചുകൊണ്ട് 03-06-2017 ലെ ബി.2.12708/14(K.Dis) പ്രകാരം ഇതിൻമേലുള്ള നടപടികൾ അവസാനിപ്പിച്ചതായും കാണുന്നു.

# പാർട്ട് II

## ക്യഷ് ബുക്കുംഅനുബന്ധ രേഖകളും

### 1.ബിൽബുക്കും,ക്യഷ് ബുക്കും.

1.നിലവിലെ ക്യാഷ്ബുക്ക് 05-11-2018 വരെ എഴുതിയിട്ടുണ്ട്.അന്നേ ദിവസം നീക്കിയിരിപ്പില്ലെന്ന് ബോധ്യപ്പെട്ടു.

2.ബിൽ നം.cb.137/Land/14-15 പ്രകാരം 29.09.2015 ന് ട്രഷറിയിൽനിന്നും 7,50,000/- രൂപ തേർച്ചചെയ്തതായി കാണുന്നു.ടി തുക ക്യാഷ്ബുക്കിൽ വരവ് വച്ചതായി കാണുന്നില്ല.(Bill Book 2014-15 Vol no.1 page no.21 Sl no.137&Cash Book Vol no.XVII page no.67 14.10.2014 to28-02-2018).

3.ബിൽ നം.cb.142/pmh/14-15(Gross-190896/-Net133571/-) പ്രകാരം 13357/- മാത്രമാണ് ട്രഷറിഓഫീസർ പാസ്സാക്കിയിട്ടുള്ളത്.02.02.2015 ൽ ക്യാഷ്ബുക്കിൽ 133571/-വരവ് വച്ചതായി കാണുന്നു.ട്രഷറിയുമായി ബന്ധപ്പെട്ട് ന്യൂനതപരിഹരിച്ച് അറിയിക്കേണ്ടതാണ്.

4. .ബിൽ നം.cb.53/pmh/15-16 പ്രകാരം(12618/-) 01.08.2015 ന് ട്രഷറിയിൽ നൽകിയിരുന്നെങ്കിലും ടി തുക ട്രഷറിഓഫീസർ പാസ്സാക്കാതെ വെട്ടി objection രേഖപ്പെടുത്തി - യത് ക്യാഷ്ബുക്കിൽ വരവുവച്ചിട്ടുണ്ട്. .(Bill Book 2015-16 Vol no.1 page no.8 Sl no.53 & Cash Book Vol no.XIX page no.6).

5. .ബിൽ നം.cb.77/treatment/15-16 പ്രകാരം 4,11,500/-രൂപയുടെ ബില്ല് ട്രഷറിയിൽ നൽകുയും ട്രഷറിഓഫീസർ ടി തുക പാസ്സാക്കുകയും ചെയ്തിരുന്നു.എന്നാൽ ക്യാഷ്ബുക്കിൽ 500/ രൂപ കുറച്ചാണ് വരവുവച്ചിട്ടുള്ളത്.ടി തുക എപ്രകാരം ക്രമീകരിച്ചെന്ന് വ്യക്തമാക്കേണ്ടതാണ്.

6. .ബിൽ നം.cb.170/pmh/15-16 പ്രകാരം ട്രഷറിയിൽനിന്നും 01.01.2016 ന് 1,53,561/- രൂപ തേർച്ചചെയ്തതായി കാണുന്നു. എന്നാൽ ക്യാഷ്ബുക്കിൽ 2000/ രൂപ അധികമായി 1,55,561/-യാണ് വരവുവച്ചിട്ടുള്ളത്.അധികമായി ചേർത്ത ടി തുക എപ്രകാരം ക്രമീകരിച്ചെന്ന് വ്യക്തമാക്കേണ്ടതാണ്. .(Bill Book 2015-16 Vol no.II page no.2 Sl no.53 & Cash Book Vol no.XX page no.1).

7.ബിൽ നം.cb.261/MG/15-16 പ്രകാരം29.03.2016 ന് ട്രഷറിയിൽനിന്നും തേർച്ച ചെയ്തത് 50,000/-രൂപ യാണ്. എന്നാൽ ക്യാഷ്ബുക്കിൽ 5,00,000 രൂപ/-യാണ് വരവുവച്ചിട്ടുള്ളത്.അധികമായി ചേർത്ത ടി തുക എപ്രകാരം ക്രമീകരിച്ചെന്ന് വ്യക്തമാക്കേണ്ടതാണ്. .(Bill Book 2015-16 Vol no.II page no.10 Sl no.217 & Cash Book Vol no.XX page no.50).

8.ബിൽബുക്ക് 2016-17 പേജ് നം.37,38,39 പ്രകാരം താഴെപ്പറയുന്ന ബില്ലുകളും തുകകളും രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടി തുകകൾ ട്രഷറി ഓഫീസർ പാസ്സാക്കുകയോ,നിരാകരിക്കുകയോ ചെയ്തിട്ടില്ല.വ്യക്തത ആവശ്യമാണ്.

a.Bill no.198/16-17 Rs.14,933/- Self Employment Scheme

b. Bill no.199/16-17 Rs.10,000/- Hon-apr.Clerk

c. Bill no.200/16-17 Rs.13,000/- Hon-SC Promoters

d. Bill no.201/16-17 Rs.10,000/- Land

e. Bill no.202/16-17 Rs.2,10,000/- Housing Grant

f. Bill no.203/16-17 Rs.4,90,000/- Housing Grant(spl)

g. Bill no.204/16-17 Rs.12,500/- Toilet Grant

h. Bill no.205/16-17 Rs.1,00,000/- Treatment Grant

i. Bill no.206/16-17 Rs.40,000/- Treatment Grant

j. Bill no.207/16-17 Rs.27,697/- Hostle Exp.

k. Bill no.208/16-17 Rs.35,000/- Hostle Exp.

l. Bill no.209/16-17 Rs.66,000/- Hon tution teachers

m. Bill no.210/16-17 Rs.5,12,924/- Parallel college(SC)

n. Bill no.211/16-17 Rs.6,11,643/- Parallel college(SC)

o. Bill no.212/16-17 Rs.1,20,000/- Vinjanvadi

9.ബിൽ നം.cb.87/17-18 പ്രകാരം31.07.2011 ന് ട്രഷറിയിൽനിന്നും തേർച്ച ചെയ്തത് 6,00,000/-രൂപ യാണ്. എന്നാൽ ക്യാഷ്ബുക്കിൽ 60,000 രൂപ യാണ് വരവുവച്ചിട്ടുള്ളത്. ~~ചേർത്ത~~ ടി തുക എപ്രകാരം ക്രമീകരിച്ചെന്ന് വ്യക്തമാക്കേണ്ടതാണ്.(Bill Book 2017-18 Vol no.I page no.14 Sl no.97 & Cash Book Vol no.XXII page no.39).

10.17.08.2017 ന് Cash book കൈമാറ്റംചെയ്തതായി രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ചാർജ്ജ് ആർക്ക് നൽകിയെന്നും,ചാർജ്ജ് ആര് ഏറ്റെടുത്തെന്നും വ്യക്തമാക്കിയിട്ടില്ല.Bill book കൈമാറ്റംചെയ്തതും സമാനരീതിയിൽ തന്നെയാണ്.04-10-2017 ലും ഇതേ രീതി അവലംബിച്ചതായി കാണുന്നു.ഇത്തരം വീഴ്ചകൾ ആവർത്തിക്കുന്നില്ലെന്ന് ഉറപ്പുവരുത്തേണ്ടതാണ്.

11.ബിൽ നം.cb.363/17-18 പ്രകാരം 17.03.2018 ന് 10,20,000/-(Housing Grant) രൂപയുടെ ബില്ല് ട്രഷറിയിൽ നൽകിയിരുന്നെങ്കിലും ടി തുക ട്രഷറിഓഫീസർ പാസ്സാക്കിയതായി കാണുന്നില്ല.ബിൽബുക്കിന്റെ 10(എ)10(ബി) കോളങ്ങൾഒഴിഞ്ഞുകിടക്കുന്നു.എന്നാൽ 21.03.2018 ൽ ടി തുക ക്യാഷ്ബുക്കിൽ വരവുവച്ചിട്ടുണ്ട്.വ്യക്തത ആവശ്യമാണ്. .(Bill Book 2017-18 Vol no.II page no.9 Sl no.382 & Cash Book Vol no.XXII page no.91).

12. .ബിൽ നം.cb.403/17-18-Primary Educatiopn Aid തുക 8000/-,ബിൽ നം.cb.404/17-18-Stippent to ITI Students തുക 34,382/-എന്നീ ബില്ലുകൾ യഥാക്രമം 28.03.2018,29.03,2018 തീയതികളിൽ ട്രഷറിഓഫീസർ പാസ്സാക്കിയതായി കാണുന്നു.എന്നാൽ ടി തുകകൾ ക്യാഷ്ബുക്കിൽ വരവ്ചേർത്തതായി കാണുന്നില്ല.വിശദീകരണം നൽകേണ്ടതും ന്യൂനത പരിഹരിക്കേണ്ടതുമാണ്.

13.ബിൽബുക്ക് 2017-18 page no 15,16,17,ചുവടെ പറയുന്ന ബില്ലുകളും തുകകളും ബിൽബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ട്രഷറിഓഫീസർ പാസ്സാക്കുകയോ,നിരാകരിക്കുകയോ ചെയ്തതായി കാണുന്നില്ല. .ബിൽബുക്ക് കോളം 12,13 എസ്.സി.ഡി.ഒ ഉം രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.വ്യക്തത വരുത്തേണ്ടതാണ്.

a. Bill no.394/17-18 Rs.1,22,639/- Parallel college aid,

b. Bill no.395/17-18 Rs.5624/- TA,

c. Bill no.405/17-18 Rs.1672/- TA,

d. Bill no.406/17-18 Rs.2251/- TA,

e. Bill no.407/17-18 Rs.4000/- Primary Education Aid,

f. Bill no.408/17-18 Rs.30,000/- Self Employment Aid,

g. Bill no.409/17-18 Rs.9,00,000/- Marriage Grant,

h. Bill no.410/17-18 Rs.3000/- Treatment Grant,

i. Bill no.411/17-18 Rs.1,25,000/- Inter Caste M/G,

j. Bill no.412/17-18 Rs.4,85,000/- Treatment Grant.

2. **അക്വിറ്റൻസ്(സ്റ്റാഫ്).**

1.ബിൽ നമ്പർ PB/02/14-15 പ്രകാരം (തുക ഗ്രോസ്-2,03,210/-,നെറ്റ്-1,54,988/-)04,04,2014 ന് മാറി -പി.എം.എച്ച് ലെ ജീവനക്കാർക്ക് മെസ് റിക്കവറി കിഴിച്ചുള്ള തുക -1,51,328/-വിതരണംചെയ്തിട്ടുണ്ട്. മെസ് റിക്കവറി ഇനത്തിൽ പിടിച്ച തുക ക്യാഷ്ബുക്കിൽ ചെലവുകാണിച്ചതായി കാണുന്നില്ല.വാർഡനിൽനിന്നും മെസ് റിക്കവറി കുറവുചെയ്തതായും കാണുന്നില്ല.വിശദീകരണം ആവശ്യമാണ്.

2.ബിൽ നമ്പർ PB/03/14-15 പ്രകാരം വിതരണംചെയ്തിട്ടുള്ള 12,146/ -രൂപയിൽനിന്നും മെസ് റിക്കവറി ഇനത്തിൽ പിടിച്ച 536/- രൂപ ക്യാഷ്ബുക്കിൽ ചെലവുകാണിച്ചതായി കാണുന്നില്ല. വിശദീകരണംനൽകേണ്ടതാണ്.

3.ബിൽ നമ്പർ PB/55/14-15 പ്രകാരം തേർച്ചചെയ്ത 1,74,179/- രൂപയിൽനിന്നും മെസ് റിക്കവറി ഇനത്തിൽ പിടിച്ച 4800/- രൂപയിൽ 19.09.2014 ൽ 3600/- രൂപ ക്യാഷ്ബുക്കിൽ ചെലവുകാണിച്ചിട്ടുണ്ട്.ശേഷിക്കുന്ന 1200/-രൂപ എപ്രകാരം വിനിയോഗിച്ചെന്ന് വ്യക്തമാക്കേണ്ടതാണ്.

4.ശമ്പളത്തിൽനിന്നും മെസ് റിക്കവറി ഇനത്തിൽ കുറവുചെയ്ത ചുവടെപറയുന്ന തുകകളുടെ ചെലവ് ക്യാഷ്ബുക്കിൽ രേഖപ്പെടുത്തിയതായി കാണുന്നില്ല.

a.ബിൽ നമ്പർ PB/100/14-15 Gross-2,00,932/-,Net-1,41,508/

വിതരണംചെയ്ത തീയതി-01.12.2014 , വിതരണംചെയ്ത തുക 1,22,597/-

- 05.12.2014 , വിതരണംചെയ്ത തുക 14,831/-

- മെസ് റിക്കവറി ഇനത്തിൽ കുറവുചെയ്ത്4080/-

b.ബിൽ നമ്പർ PB/119/14-15 Gross-2,06,011/,Net-1,48,466/

വിതരണംചെയ്ത തീയതി-01.01.2015 , വിതരണംചെയ്ത തുക 42,808/-

- 05.12.2014 , വിതരണംചെയ്ത തുക 14,831/-

- മെസ് റിക്കവറി ഇനത്തിൽ കുറവുചെയ്ത്18,611/-

c.ബിൽ നമ്പർ PB/142/14-15 Gross-1,90,896/,Net-1,33,571/-

വിതരണംചെയ്ത തീയതി-03.02.2015 , വിതരണംചെയ്ത തുക 1,07,496/-

- 05.02.2015 , വിതരണംചെയ്ത തുക 21,875/-

- മെസ് റിക്കവറി ഇനത്തിൽ കുറവുചെയ്ത് 4200/-

d.ബിൽ നമ്പർ PB/142/14-15 Gross-2,75,233/,Net-1,60,373/-

വിതരണംചെയ്ത തീയതി-10.04.2015 , വിതരണംചെയ്ത തുക 1,56,386/-

- മെസ് റിക്കവറി ഇനത്തിൽ കുറവുചെയ്ത് 3987/-

e.ബിൽ നമ്പർ PB/06/15-16 Gross-3860/,Net-3860/-

വിതരണംചെയ്ത തീയതി-21.04.2015 , വിതരണംചെയ്ത തുക 3757/-

- മെസ് റിക്കവറി ഇനത്തിൽ കുറവുചെയ്ത് 103/-

5. .ബിൽ നമ്പർ PB/56/15-16 Gross-2,16,548/,Net-1,62,184/-

വിതരണംചെയ്ത തീയതി

03.08.2015 , തുക 93,225/-

04.08.2015 , തുക 50,738/-

10.08.2015 , തുക 18,221/-

**1,62,184/**

ക്യാഷ്ബുക്കിൽ ചെലവുകാണിച്ച തീയതി/തുക

03.08.2015 , തുക 94,225/-

04.08.2015 , തുക 50,738/-

10.08.2015 , തുക 18,221/-

**1,63,184/-**

വ്യത്യാസം എപ്രകാരം ക്രമീകരിച്ചെന്ന് വ്യക്തമാക്കേണ്ടതാണ്

6.04.05.2016 മുതൽ ശമ്പളവിതരണം ബാങ്ക്വഴി ആയതിനുശേഷം,04.05.2016 മുതൽ02.02.2017 വരെ അക്വിറ്റൻസിൽ പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തിയതായി കാണുന്നില്ല.മാത്രമല്ല 02.02.2017 മുതൽ അക്വിറ്റൻസ് പരിപാലിക്കുകയോ,ക്രെഡിറ്റ് കൺഫർമേഷൻ സ്റ്റേറ്റ്മെന്റ് എടുത്തു സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

3. **അക്വിറ്റൻസ്.PTS.**

06-04-2016 മുതൽ 06-02-2017 വരെ അക്വിറ്റൻസ് പൂർണ്ണമായ രേഖപ്പെടുത്തലുകൾ വരുത്തി പരിപാലിച്ചിട്ടുണ്ട്. ശേഷം അക്വിറ്റൻസ് പരിപാലിക്കുകയോ,ക്രെഡിറ്റ് കൺഫർമേഷൻ സ്റ്റേറ്റ്മെന്റ് എടുത്തു സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

## പാർട്ട് III(A)

## വിവിധ പദ്ധതികൾ സംബന്ധിച്ച്

### 1.ഭൂരഹിത പുനരധിവാസ പദ്ധതി.

1. 2013-14 വർഷംമുതൽ 2016-17 വർഷംവരെ.ഭൂരഹിത പുനരധിവാസ_പദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം (പഞ്ചായത്ത്) | ഗുണഭോക്താക്കളുടെ എണ്ണം (നഗരസഭ) | ആകെ | അനുവദിച്ച തുക |
|---|---|---|---|---|
| 2014-15 | 16 | 0 | 16 | 60,00,000/-/-(16X3,75,000) |
| 2015-16 | 32 | 13 | 45 | 1,68,75,000/- (45X3,75,00) |
| 2016-17 | 44 | 12 | 56 | 2,10,00,000/-(563,75,000) |
| 2017-18 | 75 | 11 | 86 | 3,22,50,000/-(86 X3,75,000 |

2.2013-14 വർഷം മുതൽ വകുപ്പിൽനിന്നും വിതരണംചെയ്തിട്ടുള്ള നിശ്ചിത മാതൃകയിലുള്ള രജിസ്റ്ററിലാണ് ഗുണഭോക്താക്കളുടെ വിവരങ്ങൾ രേഖപ്പെടുത്തിവരുന്നത്.ഈ രജിസ്റ്ററിൽ ആദ്യന്തം പേജ്നമ്പറിട്ട് സാക്ഷ്യപത്രം എഴുതി ഓഫീസർ ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.നഗരസഭയിലെ ഗുണഭോക്താക്കൾക്കും ഗ്രാമപഞ്ചായത്ത് നിരക്കിൽമാത്രമാണ് ധനസഹായം അനുവദിച്ചിട്ടുള്ളതെന്ന് കാണുന്നു.സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3. ഓരോ വർഷവും ധനസഹായം അനുവദിക്കപ്പെട്ട ഗുണഭോക്താക്കളുടെ അപേക്ഷകളും അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ട മറ്റ് രേഖകളും (രജിസ്റ്ററിലെ ക്രമനമ്പർ രേഖപ്പെടുത്തി)ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.ജില്ലാഓഫീസിൽ നിന്നും മറ്റ് ഓഫീസുകളിൽനിന്നും ലഭിച്ചിട്ടുള്ള ഉത്തരവുകളും നിർദ്ദേശങ്ങളും അതാതു വർഷത്തെ ഫയലിൽ സൂക്ഷിക്കുന്നതിൽ കൂടുതൽ ജാഗ്രത പുലർത്താൻ നിർദ്ദേശിക്കുന്നു.രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് ആവശ്യമായ പേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടുണ്ട്.

4.യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

5.ധാരാളം ആധാരങ്ങൾ തിരികെ നൽകാതെ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ട് .അനുവദിച്ചുനൽകിയ സ്ഥലം ഗുണഭോക്താവിന്റെ പേരിൽകൂട്ടി കരമടച്ചുകഴിഞ്ഞാൽ ആധാരങ്ങൾ ഓഫീസിൽ സൂക്ഷിക്കേണ്ട കാര്യമില്ല.ഇക്കാര്യത്തിൽ വകുപ്പ് മേധാവിയുടെ 19-08-2015 ൽ എ.3.16352/15 നമ്പർ കത്ത്പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുള്ളതാണ്. നിർദ്ദേശംപാലിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

6.ഭാര്യയ്ക്കും ഭർത്താവിനും സ്വന്തമായി ഭൂമിയില്ലാത്തതും,കുടുംബ ഓഹരി ലഭിക്കാനില്ലാത്തതുമായ ദമ്പതിമാർക്കാണ്.ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാമുള്ള ധനസഹായം അനുവദിക്കുന്നത്.ചുവടെ പറയുന്ന ഗുണഭോക്താക്കളുടെ അപേക്ഷയോടൊപ്പം സ്വന്തമായി ഭൂമിയില്ലായെന്നും,കുടുംബ ഓഹരി ലഭിക്കാനില്ലായെന്നുമുള്ള രണ്ടുപേരുടേയും(ഭാര്യയുടേയും ഭർത്താവിന്റേയും)സാക്ഷ്യപത്രം സൂക്ഷിച്ചിട്ടില്ലെന്ന് കാണുന്നു.

1.സരള.സി,W/o പ്രഭാകരൻ,ശ്രീധരനിലയം,മായപ്പാടി.പി.ഒ-2014-15.

2.എച്ച്.എൻ.ഭാരതി w/o(Late) ദാമോധരൻ,നെൽക്കള എസ്.സി കോളനി-2015-16.

ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

7.നിശ്ചിത തുകയ്ക്കുള്ള മുദ്രപ്പത്രം ഗുണഭോക്താക്കൾ വാങ്ങിനൽകുകയും,അതിൽ കരാർവ്യവസ്ഥകൾ ടൈപ്പുചെയ്ത് രേഖപ്പെടുത്തുന്നുണ്ടെങ്കിലും.ബന്ധപ്പെട്ട ഓഫീസറും ,സാക്ഷികളും ഒപ്പിടുന്നില്ല.എല്ലാവർഷങ്ങളിലും ഇതുതന്നെയാണവസ്ഥ. പദ്ധതി നിർവ്വഹണത്തിലെ ഒഴിച്ചുകൂടാൻപറ്റാത്ത രേഖയാണ് ടി കരാർവ്യവസ്തയെന്നിരിക്കെ അപ്രകാരം ചെയ്യാതിരുന്നതിന് വിശദീകരണം നൽകേണ്ടതുംന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

8.ഗുണഭോക്താക്കൾ രജിസ്റ്റർചെയ്ത മിക്ക ആധാരങ്ങളിലും 25 വർഷത്തേക്ക് ക്രയവിക്രയംചെയ്യാൻപാടില്ലെന്ന വ്യവസ്ഥയാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.ഇത് ശരിയായ വ്യവസ്ഥയല്ല.ഗുണഭോക്താവിന്റെ മരണശേഷം നിയമപ്രകാരമുള്ള അനന്തരാവകാശികൾക്ക് മാത്രമേ കൈമാറ്റംചെയ്യാൻപാടുള്ളൂ എന്നവ്യവസ്ഥയാണ് ആധാരത്തിൽകാണിക്കേണ്ടത് എന്നകാര്യം ഓർമ്മിപ്പിക്കുന്നു.

## 2.ഭവന നിർമ്മാണ ധനസഹായം.

1.2007-08 മുതൽ 2016-17 വരെയുള്ള .ഭവന നിർമ്മാണ ധനസഹായ പദ്ധതിയുടെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാനുള്ള ഭവനങ്ങൾ | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2007-08 | 98 | 94 | 4 | 3 | 1 | - |
| 2008-09 | 118 | 118 | 0 | - | - | - |
| 2009-10 | 97 | 97 | 0 | - | - | - |
| 2010-11 | 145 | 136 | 9 | 5 | 1 | 3 |
| 2011-12 | 46 | 41 | 5 | 3 | 1 | 1 |
| 2012-13 | 32 | 32 | 0 | - | - | - |
| 2013-14 | 32 | 23 | 8 | - | 5 | 3 |
| 2014-15 | 31 | 27 | 4 | - | 2 | 2 |
| 2015-16 | 26 | 26 | 0 | - | - | - |
| 2016-17 | 72 | 61 | 10 | 2 | 3 | 5 |
| | 60 | 23 | 21 | 1 | 12 | 8 |
| ആകെ | 757 | 678 | 61 | 14 | 25 | 22 |

2. 2007-08 വർഷം മുതൽ 2017-18 വർഷംവരെ അനുവദിച്ച 757 വീടുകളിൽ 678 എണ്ണം പൂർത്തിയാക്കിയിട്ടുണ്ട്(89.56%).ഇപ്പോഴും ഒന്നാം ഗഡുവിൽ നില്ക്കുന്ന ഗുണഭോക്താക്കളുടെ ഭവന നിർമ്മാണം സംബന്ധിച്ച് ഇപ്പോഴത്തെ അവസ്ഥ അന്വേഷിച്ച് റിപ്പോർട്ട്ചെയ്യേണ്ടതാണ്.

3.അവശേഷിക്കുന്ന വീടുകളിൽ എത്രയെണ്ണം ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി യെന്നും അതിൽ പൂർത്തിയായവ എത്രയെന്നും റിപ്പോർട്ട്ചെയ്യേണ്ടതാണ്.

4. അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്തരവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്. രജിസ്റ്ററിൽ ഗുണഭോക്താവിന്റെ ഫോട്ടോ പതിച്ച് ആവശ്യമായ പേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷി ച്ചിട്ടുണ്ട്.

5.യു.സി അയച്ചതിന്റെ പകർപ്പ് അതാതു വർഷത്തെ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഈ ന്യൂനത പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്

6. ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽ രേഖപ്പെടുത്താൻ ശ്രമിക്കേ ണ്ടതാണ്.

**3.ദുർബ്ബലവിഭാഗങ്ങളുടെ ഭവനരഹിത പുനരധിവാസ പദ്ധതി.**

1.2013-14 മുതൽ 2017-18 വരെയുള്ള കാലയളവിൽ ദുർബ്ബലവിഭാഗങ്ങൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിച്ചതിന്റെ പുരോഗതിവിവരം ചുവടെ കാണിക്കുന്നു.

| വർഷം. | ടാർജറ്റ് | പൂർത്തിയായവ | പൂർത്തിയാക്കാനുള്ള ഭവനങ്ങൾ | പൂർത്തിയാക്കാനുള്ള ഭവനങ്ങളുടെ സ്റ്റേജ് വിവരം | | |
|---|---|---|---|---|---|---|
| | | | | I | II | III |
| 2013-14 | 9 | 9 | | - | - | - |
| 2014-15 | 1 | 1 | | - | - | - |
| 2015-16 | 7 | 7 | | - | - | - |
| 2016-17 | 11 | 10 | 1 | - | 1 | - |
| 2017-18 | 17 | 10 | 7 | - | 3 | 4 |
| Total | 45 | 37 | 8 | | 4 | 4 |

2.2016-17 ലെ ഒരു വീടും,2017-18 ലെ ഏഴ് വീടുകളും പൂർത്തിയാക്കാനുള്ളതായി കാണു ന്നു.ഇവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സാധ്യമായ എല്ലാ ശ്രമങ്ങളും നട ത്തേണ്ടതാണ്.

3.അപേക്ഷകളും അനുബന്ധരേഖകളും,ആനുകൂല്യം അനുവദിച്ച മേലാഫീസറുടെ ഉത്ത രവുകളും ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

4.ഗഡുക്കൾ അനുവദിക്കുന്നത് യഥാസമയം രജിസ്റ്ററിൽതീയതി സഹിതം രേഖപ്പെടു ത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.മറ്റ് പരാമർശങ്ങൾ ഇല്ല.

**4.ഭവന പുനരുദ്ധാരണ പദ്ധതി.**

1.2013-14 സാമ്പത്തിക വർഷംമുതലാണ് ഭവന പുനരുദ്ധാരണ പദ്ധതി പ്രകാരം ധനസഹായം നൽകുന്ന പദ്ധതി ആരംഭിച്ച്-(GO(ms)No.70/13/SCSTDD dtd03-09-2013). ടി പദ്ധതി സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ശേഷിക്കുന്നവർ |
|---|---|---|---|
| 2013-14 | 35 | 25 | -- |
| 2014-15 | 36 | 36 | -- |
| 2015-16 | 35 | 30 | 5 |
| 2016-17 | 34 | 25 | 9 |
| 2017-18 | പദ്ധതി നടപ്പിലാക്കിയിട്ടില്ല | | |

2 2013-14 സാമ്പത്തികവർഷം 35 ഗുണഭോക്താകത്കൾക്ക് ധനസഹായം നൽകുന്നതിന് ഭരണാനുമതിയും ഫണ്ടും അനുവദിച്ചിരുന്നുവെങ്കിലും 25 പേർക്ക്മാത്രമേ ടി വർഷം ഒന്നാം ഗഡു അനുവദിച്ചിട്ടുള്ളതായി മനസ്സിലാക്കുന്നു(.ഈ 25 ഗുണഭോക്താക്കളും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്).ശേഷിച്ച 10 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകാതിരുന്നതിന്റെ സാഹചര്യം വിശദീകരിക്കേണ്ടതാണ്.

3.2015-16 ലെ 5 ഗുണഭോക്താക്കളും 2016-17 ലെ 9 ഗുണഭോക്താക്കളുംനിർമ്മാണം പൂർത്തിയാക്കാനുണ്ട് . ഇവയുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

4.ഭവന പുനരുദ്ധാരണം സംബന്ധിച്ച സർക്കാർ ഉത്തരവിലെ നിബന്ധനകൾ മിക്കതും പാലിക്കുന്നുണ്ട്.എസ്റ്റിമേറ്റും ആവശ്യമുണ്ടെങ്കിൽ പ്ലാനും വാങ്ങിയശേഷമാണ് ധനസഹായം അനുവദിക്കുന്നത്.പൂർത്തീകരണസാക്ഷ്യപത്രം വാങ്ങിയശേഷമാണ് അവസാന ഗഡു നൽകുന്നത്. അപേക്ഷകളും അനുബന്ധരേഖകളും ജില്ലാപട്ടികജാതി വികസന ഓഫീസർ ധനസഹായമനുവദിച്ചുകൊണ്ടിറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.

5.ഭവന പുനരുദ്ധാരണ പദ്ധതി രജിസ്റ്റർ ഭേതപ്പെട്ട രീതിയിൽ പരിപാലിക്കുന്നുണ്ടെങ്കിലും അർഹതാസാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ രജിസ്റ്ററിൽ രേഖപ്പെടുത്തുന്നതായി കാണുന്നില്ല.മാത്രമല്ല ഗഡുക്കൾ അനുവദിക്കുന്ന തീയതി രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽ സൂക്ഷിക്കുന്നില്ല. ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**5.പഠനമുറി നിർമ്മാണ ധനസഹായപദ്ധതി.**

2017-18 വർഷം ആരംഭിച്ച ഈ പദ്ധതി പ്രകാരം 63 പേർക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.പരിശോധനാകാലയളവായ 31-03-2018 ൽ 2 പേർമാത്രമാണ് നിർമ്മാണം പൂർത്തിയാക്കിയത്.01-09-2018 ലെ സ്ഥിതി പരിശോധനാവിധേയമാക്കിയതിൽനിന്നും ആകെ 26 ഗുണഭോക്താക്കൾനിർമ്മാണം പൂർത്തി യാക്കിയതായി കാണുന്നു.ശേഷിക്കുന്ന 37 സ്റ്റഡി റൂം ന്റെ നിലവിലെ സ്ഥിതി അറിയിക്കേണ്ടതാണ്. മറ്റ് പരാമർശങ്ങൾ ഇല്ല.

## 6.മിശ്രവിവാഹധനസഹായം -

1.2014-15 വർഷംമുതൽ 2017-18 വർഷംവരെ മിശ്രവിവാഹധനസഹായപദ്ധതിപ്രകാരം ആനുകൂല്യം ലഭിച്ച ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 4 | 2,00,000/-(4X50000) |
| 2015-16 | 3 | 1,50,000/-(3X50000) |
| 2016-17 | 3 | 1,50,000/-(3X50000) |
| 2017-18 | 7 | 4,00,000/-(5X50000(2X75000) |

2.മിശ്രവിവാഹധനസഹായം അനുവദിക്കുമ്പോൾ ഗുണഭോക്താക്കളായ ദമ്പതിമാരെക്കൊണ്ട് നിശ്ചിതമാതൃകയിലുള്ള സമ്മതപത്രം (മുദ്രപ്പത്രത്തിൽ)വെപ്പിക്കാറുണ്ട്.എന്നാൽ ഇവിടെ 2014-15,2015-16 വർഷങ്ങളിൽ ഗുണഭോക്താക്കൾ എഗ്രിമെന്റിൽ ഏർപ്പെട്ടതായി കാണുന്നില്ല.വിശദീകരണം നൽകേണ്ടതാണ്.

3.ഗുണഭോക്തൃരജിസ്റ്ററിൽ ഗുണഭോക്തൃവിവരം പൂർണ്ണമായും രേഖപ്പെടുത്തുന്നില്ല.മാത്രമല്ല ഗുണഭോക്തൃവിവരം എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തുന്നുമില്ല. ന്യൂനതകൾ പരിഹരിച്ച്അറിയിക്കേണ്ടതാണ്.

4. അപേക്ഷകളും അനുബന്ധരേഖകളും ജില്ലാപട്ടികജാതി വികസന ഓഫീസർ വിവാഹധനസഹായമനുവദിച്ചുകൊണ്ടിറക്കുന്ന ഉത്തരവുകൾ എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.അപേക്ഷകളും അവയോടൊപ്പം സമർപ്പിച്ചിട്ടുള്ള രേഖകളുംസൂക്ഷിക്കുന്നതിന് കുറേക്കൂടി ജാഗ്രത കാട്ടേണ്ടിയിരിക്കുന്നു. അപേക്ഷകൾ നൂലുപയോഗിച്ച് കെട്ടിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

5.സമൂഹത്തിൽനിന്നും കുടുംബത്തിൽനിന്നും നേരിടേണ്ടിവരുന്ന അവഗണന തരണം ചെയ്യുന്നതിനും സ്വയംതൊഴിൽ ചെയ്ത് കുടുബംപുലർത്തുന്നതിനുമായിട്ടാണ് ധനസഹായംഅനുവദിക്കുന്നത്.അപേക്ഷയിൽ വ്യക്തമാക്കിയിരിക്കുന്ന സ്വയംതൊഴിലിൽ ഏർപ്പെടുന്നതിന് ടി ധനസഹായം ഉപയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തേണ്ടതുണ്ട് . ചുവടെപറയുന്ന ഗുണഭോക്താക്കൾ- അനുവദിച്ചതുക -അനുവദിച്ച ലക്ഷ്യത്തിനായി വിനിയോഗിച്ചുഎന്ന് തെളിയിക്കുന്ന രേഖകൾ(വൗച്ചറുകൾ)ലഭ്യമാക്കിയിട്ടില്ലെന്ന് കാണുന്നു.

(എ).മനോജ്കുമാർ.എം&രമ്യാകൃഷ്ണൻ,ജിജിവില്ല,കുളനാട്-വീഡിയോ എഡിറ്റിംഗ് സെന്റർ തുടങ്ങുന്നതിനാണ് ധനസഹായം അനുവദിച്ചത്.എന്നാൽടി ആവശ്യത്തിനുള്ള ഉപകരണങ്ങൾ വാങ്ങിയ വൗച്ചറുകൾ പരിശോധനക്ക് ലഭിച്ചില്ല.(2016-17)

(ബി).ലിതിൻകുമാർ.കെ.വി&അശ്വതി.കെ,കാനത്തിൽഹൗസ്,തെക്കിൻഫെറി.പി.ഒ- അലുമിനിയം ഫേബ്രിക്കേഷൻ- എന്നാൽടി ആവശ്യത്തിനുള്ള ഉപകരണങ്ങൾ വാങ്ങിയ വൗച്ചറുകൾ പരിശോധനക്ക് ലഭിച്ചില്ല.(2016-17)

6.ചില ഗുണഭോക്താളുടെ വിവാഹ സർട്ടിഫിക്കറ്റുകൾ(ഒർജിനൽ) അപേക്ഷകളോടൊപ്പം കാണുകയുണ്ടായി.ഇവ മടക്കിനൽകി വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

7. യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.

7.വിവാഹധനസഹായം

1. 2014-15 വർഷംമുതൽ 2017-18 വർഷംവരെ വിവാഹധനസഹായപദ്ധതിപ്രകാരം ആനുകൂല്യം അനുവദിച്ചുനൽകിയ ഗുണഭോക്താക്കളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 101 | 50,50,000/- |
| 2015-16 | 72 | 36,00,000/- |
| 2016-17 | 85 | 42,50,000/- |
| 2017-18 | 133 | 79,25,000/-(82X50000(51X75000) |

2.വിവാഹധനസഹായത്തിന് പ്രത്യേക രജിസ്റ്റർ പരിപാലിച്ച് ഗുണഭോക്തൃവിവരം അതിൽ രേഖപ്പെടുത്തുന്നില്ല.എന്നാൽ അക്വിറ്റൻസ് ഈ കുറവ് പരിഹരിക്കുംവിധം പരിപാലിച്ചിട്ടുള്ളതായി കാണുന്നു.അപേക്ഷ ലഭിച്ചാലുടൻ അതിലെ വിവരങ്ങൾ(അർഹതാ സാക്ഷ്യപത്രങ്ങളുടെ വിവരങ്ങൾ ഉൾപ്പെടെ) രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതും അപേക്ഷകന്റെവ്യക്തതയുള്ള ഫോട്ടോ അതിൽപതിക്കേണ്ടതും ഓഫീസർ ഒപ്പ് ചാർത്തുകയും ചെയ്യേണ്ടതാണ്.മുൻകാലങ്ങളിലെ അപേക്ഷകരുടെ വിവരങ്ങൾ ഉൾപ്പെടെ രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

3.സമയബന്ധിതമായി ഓഡിറ്റ് നടത്താതിരുന്നതിന്റെ ന്യൂനത ഇവിടെ അനുഭവപ്പെടുന്നു.അപേക്ഷയോടൊപ്പം സൂക്ഷിക്കേണ്ട രേഖകൾമിക്കതും കെട്ടിൽനിന്നിളകിയും,ചിലത് കീറിനശിച്ചതുമായ അവസ്ഥയിലാണ്. അപേക്ഷകളോടൊപ്പമുള്ള അനുബന്ധരേഖകൾ പരസ്പരംമാറിയിരിക്കുന്നതായും കാണുന്നു. അപേക്ഷകൾ നൂലുപയോഗിച്ച് കെട്ടിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

4.ജില്ലാഓഫീസിൽനിന്നും ധനസഹായം അനുവദിച്ചുനൽകുന്ന ഉത്തരവുകൾ ഫയലിൽ സൂക്ഷിക്കുന്നുണ്ടെങ്കിലും യൂ.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ ലഭ്യമല്ല. യു.സി അയയ്ക്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം.

5.2015-16 ൽ കാസറഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസറുടെ 04-06-2015 ലെ എസ്.3.2424/15 നമ്പർ ഉത്തരവ് പ്രകാരം വിവാഹധനസഹായം അനുവദിച്ചുനൽകിയ ശ്രീമതി.ലീല w/o ഗണേശൻ,മുജൻഗാവ് ഹൗസ് എന്ന ഗുണഭേക്താവിന്റെ മകൾ കുമാരി.സന്ധ്യയുടെ വിവാഹത്തിന് 50,000/- രൂപ അനുവദിച്ചിരുന്നു.ടി തുക 29-06-2015 ന് വിതരണംചെയ്തതായി 29-06-2015 Cash book Vol No.XVIII (01-03-2015 to 27-07-2015)Page No.77 ൽ രേഖപ്പെടുത്തിയിട്ടുണ്ട്.എന്നാൽ ടി തുകയുടെ വിതരണവിവരം അക്വിറ്റൻസിൽ ഇല്ല.വിശദീകരണം ആവശ്യമാണ്.മറ്റ് ന്യൂനതകൾ പരിഹരിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

## 8.ചികിത്സാധനസഹായം

1. ചികിൽസാധനസഹായം അനുവദിക്കുന്നതിനുള്ള അലോട്ട്മെന്റ് ജില്ലാഓഫീസർ നൽകുകയും ടി തുക ഓഫീസറുടെ STSB അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചികിൽസാധനസഹായം അനുവദിക്കുന്ന ഗുണഭോക്താക്കൾക്ക് ചെക്ക്മുഖേന തുക നൽകുകയുമാണ് 2015-16, 2016-17 വർഷങ്ങളിൽ ചെയ്തിരുന്നത്.ശേഷം ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്കും. 2014-15 വർഷം വരെ കാസറഗോഡ് ജില്ലാ പട്ടികജാതി വികസന ഓഫീസർ ചികിൽസാധനസഹായം നേരിട്ട് വിതരണംനടത്തുകയായിരുന്നു. 2017-18 വർഷംവരെ ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | -- | -- |
| 2015-16 | 175 | 33,50,000/- |
| 2016-17 | 189 | 24,41,500/- |
| 2017-18 | 245 | 30,74,000/- |

2.ചികിൽസാധനസഹായത്തിനായി പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നതായി കണ്ടില്ല. അക്വിറ്റൻസ് പരിപാലിക്കുന്നതിൽ മാതൃകാപരമായ സൂഷ്മത പുലർത്തുന്നതായി കാണുന്നു..അപേക്ഷകളും അനുബന്ധരേഖകളും പരിപാലിക്കുന്നതിൽ കൂടുതൽശ്രദ്ധ പുലർത്താൻ നിർദ്ദേശിക്കുന്നു. ഓരോ ബിൽ പ്രാകാരമുള്ള payment ന് ശേഷം abstact എഴുതുന്നതിൽകാണിക്കുന്ന ശുഷ്ക്കാന്തിയും മാതൃകാപരമാണ്. യു.സി അയയ്കുന്നതിന്റെ കോപ്പി ഫയലിൽതന്നെ സൂക്ഷിക്കുന്നതിന് ശ്രദ്ധിക്കണം. യു.സി അയച്ചും ന്യൂനതകൾ പരിഹരിച്ചുംവിവരം റിപ്പോർട്ട്ചെയ്യേണ്ടതുമാണ്.

## 9.ടോയിലറ്റ് നിർമ്മാണ ധനസഹായം.

2012-13മുതൽ 2015-16, വരെയുള്ള വർഷങ്ങളിൽമാത്രമാണ് ടോയിലറ്റ് നിർമ്മാണ ധന സഹായ പദ്ധതി തുടർന്നിരുന്നത്.ടി വർഷങ്ങളിൽ ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| | | | ശേഷിക്കു |

| വർഷം | ടാർജറ്റ് | പൂർത്തിയാക്കിയവർ | ന്നവർ |
|---|---|---|---|
| 2012-13 | 229 | 229 | 0 |
| 2013-14 | 131 | 131 | 0 |
| 2014-15 | 77 | 77 | 0 |
| 2015-16 | 118 | 116 | 2 |
| Total | **326** | **324** | **2** |

അപേക്ഷകൾ സൂക്ഷിക്കുന്നതിനും,രജിസ്റ്റർ പരിപാലിക്കുന്നതിലും സംഭവിച്ച വീഴ്ചകൾ നേരിട്ട് ബോധ്യപ്പെടുത്തുകയും ന്യൂനതകൾ പരിഹരിക്കാൻ നിർദ്ദേശം നല്കുകയും ചെയ്തിട്ടുണ്ട്.നാലുവർഷംകൊണ്ട് ധനസഹായം നൽകിയ 326 ഗുണഭോക്താക്കളുടേയും വിവരം ഈടുള്ള ഒരു രജിസ്റ്ററിൽ എഴുതി സൂക്ഷിക്കാനും നിർമ്മാണം പൂർത്തിയാക്കാനുള്ള രണ്ട് ഗുണഭോക്താക്കൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിൽനിന്നും തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കാനും നിർദ്ദേശിക്കുന്നു. യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

10.സ്വയം തൊഴിൽ ധന സഹായ പദ്ധതി:

1. 2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ഈ പദ്ധതി പ്രകാരം ധനസഹായം നല്കിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ഗുണഭോക്താക്കളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 9 | 6,86,154/- |
| 2015-16 | 12 | 7,54,995/- |
| 2016-17 | 6 | 4,23,592/- |
| 2017-18 | 10 | 5,37,665/- |

2.സ്വയംതൊഴിൽ സംരംഭങ്ങളിൽ ഏർപ്പെട്ടിട്ടുള്ള പട്ടികജാതിക്കാരുടെ നിരക്ക് ഇതരവിഭാഗങ്ങളുമായി താരതമ്യംചെയ്യുമ്പോൾ തുലോം തുച്ഛമാണെന്ന്കാണാം.ഈ സാഹചര്യത്തിൽ സ്വയംതൊഴിൽസംരംഭങ്ങളുമായി മന്നോട്ടുവരുന്ന യുവതി യുവാക്കളെ പ്രോൽസാഹിപ്പിക്കുന്നതിനും ഇവർ ആരംഭിക്കുന്ന സംരംഭങ്ങൾ നിന്നുപോകാതെ സംരക്ഷിക്കുന്നതിനും കൂടുതൽ ജാഗ്രതപുലർത്തേണ്ടിയിരിക്കുന്നു.ഇതിന്റെ ആദ്യപടിയെന്നതരത്തിൽ ധനസഹായം നൽകിയ എല്ലാഗുണഭോക്താക്കളുടേയും വിവരം രജിസ്റ്റർ പരിപാലിച്ച് രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ജനപ്രതിനിധികൾ,പ്രമോട്ടർമാർ തുടങ്ങിയവരുടെ സഹകരണത്തോടെ പ്രവർത്തനം വിലയിരുത്താവുന്നതും ആവശ്യമായ നിർദ്ദേശങ്ങൾനൽകി സംരക്ഷണം ഉറപ്പാക്കാവുന്നതുമാണ്.ഇതൊരു മാർഗ്ഗനിർദ്ദേശമായി

പരിഗണിക്കാവുന്നതാണ്.

3.വിനിയോഗസർട്ടിഫിക്കറ്റ് ഏ.ജി യ്ക്ക് സമർപ്പിച്ചതുസംബന്ധിച്ചു റിപ്പോർട്ട് ചെയ്യേണ്ടതാണ്.ബാങ്ക് സ്റ്റേറ്റ്മെന്റ് എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തി രജിസ്റ്ററിൽ സൂക്ഷിക്കാൻ നിർദ്ദേശം നൽകുന്നു.

**11.വാൽസല്യനിധി.**

സഉ(പി)നം.11/2017/പജ.പവ.വിവ തീയതി 15-11-2017പ്രകാരം ആവിഷ്കരിച്ച ഈ പദ്ധതി പട്ടികജാതിയിൽപ്പെട്ട പെൺകുട്ടികളുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്നു.18 വയസ് പൂർത്തിയാകുന്നമുറക്ക് 3,03,526/- രൂപ ഇൻഷ്വറൻസ് പരിരക്ഷയായി ലഭിക്കുന്നു.ഈ തുക ഉപരിപഠനത്തിനോ ഇതര ജീവിത സന്ധാരണത്തിനോവിനിയോഗിക്കാവുന്നതാണ്.

2017-18 സാമ്പത്തികവർഷം ഈ ഇനത്തിൽ 52 അപേക്ഷകൾ ലഭിച്ചതായും ടി അപേക്ഷകൾ മേൽ നടപടിക്കായി ജില്ലാപട്ടികജാതി വികസന ഓഫീസർക്ക് അയച്ചിട്ടുള്ളതായി കാണുന്നു.ഇതുസംബന്ധിച്ച പുരോഗതി അറിയിക്കേണ്ടതാണ്.

**12.വിദേശ തൊഴിൽ ധനസഹായം.**

പരിശോധനാ കാലയളവിൽ-2017-18 ൽ മാത്രമാണ് വിദേശത്ത് തൊഴിൽതേടിപ്പോയ പട്ടികജാതിക്കാർക്ക് ധനസഹായം നൽകിയതായി കാണുന്നത്.ടി വർഷം 3 പേർക്ക് ഒന്നാം ഗഡു ആകെ 90,000/- രൂപഅനുവദിച്ചതായി കാണുന്നു. ഗുണഭോക്തൃരജിസ്റ്റർ എസ്.സി.ഡി.ഒ സാക്ഷ്യപ്പെടുത്തിയിട്ടില്ല.ആരുടേയും കരാർ ഉടമ്പടി എഴുതി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.പദ്ധതി പ്രകാരമുള്ള രണ്ടാം ഗഡു തുക കൈപ്പറ്റുന്നതിന് ആവശ്യമായ രേഖകൾ ഹാജരാക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർദ്ദേശംനൽകേണ്ടതും അപ്രകാരം ചെയ്യാത്തവരിൽനിന്നും കൈപ്പറ്റിയ തുക തിരിച്ചുപിടിക്കാൻ നടപടി സ്വീകരിക്കേണ്ടതും മേൽ ന്യൂനതകൾ പരിഹരിച്ചും വിവരം റിപ്പോർട്ട് ചെയ്യേണ്ടതുമാണ്.

## പാർട്ട് III(B)

**വിദ്യാഭ്യാസപദ്ധതികൾ.**

**1.ലംപ്സംഗ്രാന്റ് വിതരണം**

1.വിവിധ വർഷങ്ങളിൽ എസ്.സി-ഒ.ഇ.സി വിദ്യാർത്ഥികൾക്ക് ലംപ്സംഗ്രാന്റ് നൽകുന്നതിനായി ചെലവഴിച്ച തുകകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | വിഭാഗം | സ്കൂളുകളുടെ എണ്ണം | വിദ്യാർത്ഥികളുടെ എണ്ണം | ചെലവഴിച്ച തുക | പ്രതിമാസ സ്റ്റൈപ്പന്റ് നൽകുന്നതിന് ചെലവഴിച്ച തുക |
|---|---|---|---|---|---|
| 2014-15 | S.C | ,, | 3095 | 12,74,935/- | 8,33,670/- |
| | O.E.C | | | | |
| 2015-16 | S.C | ,, | 3486 | 14,26,252/- | 2,96,881/- |

| | | | | | |
|---|---|---|---|---|---|
| | O.E.C | ,, | -- | -- | |
| 2016-17 | S.C | ,, | 2953 | 15,33,725/- | 1,48,000/- |
| | O.E.C | ,, | -- | -- | |
| 2017-18 | S.C | ,, | 2865 | 14,98,050/- | 2,21,800/- |
| | O.E.C | ,, | | | |

2017-18 സാമ്പത്തികവർഷംവരെയുള്ള അകിറ്റൻസ് സ്കൂളുകളിൽനിന്നുംലഭിച്ചിട്ടുണ്ട്.അവയുടെ പരിപാലനം കൂടുതൽശ്രദ്ധയോടെ നിർവഹിക്കാൻ നിർദ്ദേശിക്കുന്നു.

**2.ഐ.റ്റി.ഐ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസാനുകൂല്യം.**

എൻ.സി.വി.റ്റി അഫിലിയേഷൻ ലഭിച്ചിട്ടുള്ള ചെറുവത്തൂർ ഐ.റ്റി.ഐ ഈ ബ്ലോക്ക് പരിധിയിലാണ് പ്രവർത്തിക്കുന്നത്.ഈ സ്ഥാപനത്തിൽ 2014-15 വർഷംമുതൽ 2017-18 വർഷംവരെ പഠിച്ചിരുന്ന വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസധനസഹായം നൽകുന്നതിന് ചെലവഴിച്ച തുകയുടെ കണക്ക് ചുവടെ കാണിക്കുന്നു.

| വർഷം | തുക |
|---|---|
| 2014-15 | 1,31,058/- |
| 2015-16 | 45,970/- |
| 2016-17 | 2,19,802/- |
| 2017-18 | 2,37,861/- |

**3.പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ്.**

1.2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ പ്രൈമറി എഡ്യൂക്കേഷൻ എയ്ഡ് പദ്ധതി പ്രകാരം ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 882 | 17,64,000/- |
| 2015-6 | 875 | 17,50,000/- |
| 2016-17 | 957 | 19,14,000/- |
| 2017-18 | 898 | 17,96,000/- |

2.പ്രൈമറി എഡ്യൂക്കേഷൻ എയ്ഡിന് പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല. അക്വിറ്റൻസും അതോടൊപ്പം സാധനങ്ങൾ വാങ്ങിയ ബില്ല് എന്നിവയും സ്കൂളുകളിൽനിന്നും വാങ്ങി സുക്ഷിച്ചിട്ടുണ്ട്. യു.സി അയച്ചതിന്റെ പകർപ്പുകൾ അതാതു വർഷത്തെ ഫയലുകളിൽതന്നെ സൂക്ഷിക്കാൻ ശ്രദ്ധിക്കേണ്ടതാണ് .മറ്റ് പരാമർശങ്ങൾ ഇല്ല.

**4.സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ്.**

2017-18 സാമ്പത്തികവർഷംമുതൽക്കാണ് സെക്കന്ററി എഡ്യൂക്കേഷൻ എയ്ഡ് (5 മുതൽ 8 വരെ ക്ലാസിൽ പഠിക്കുന്ന കട്ടികൾക്ക്)നൽകാൻ തുടങ്ങിയത്.ടി വർഷം 911 വിദ്യാർത്ഥികൾക്കായി 18,22,000/- രൂപ വിതരണംചെയ്തതായി കാണുന്നു.മറ്റ് പരാമർശങ്ങൾ ഇല്ല.

**5.പാരലൽ കോളേജ് എഡ്യൂക്കേഷൻ എയ്ഡ്**

1. 2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നൽകിയ വിദ്യാർത്ഥികളുടെ വിവരം അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | വിദ്യാർ ത്ഥികളുടെ എണ്ണം | | അനുവദിച്ച തുക | |
|---|---|---|---|---|
| | S.C | O.E.C | S.C | O.E.C |
| 2014-15 | 86 | 129 | 6,78.285/- | 9,67,742/- |
| 2015-16 | 12 | 18 | 86,730/- | 1,34,643/- |
| 2016-17 | 108 | 350 | 7,90,152/- | 26,37,440/- |
| 2017-18 | 260 | 292 | 21,91,351/- | 24,50,705/- |

2.പാരലൽകോളേജിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ വിവരങ്ങൾ രേഖപ്പെടുത്തിവക്കാൻ പ്രത്യേക രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് നല്ലരീതിയിൽപരിപാലിക്കുന്നുണ്ട് .എങ്കിലും പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല. ആനുകൂല്യം അനുവദിച്ച ജില്ലാ പട്ടികജാതിവികസന ഓഫീസറുടെ ഉത്തരവുകൾ ക്രമമായി ഫയലിൽ സൂക്ഷിച്ചിട്ടുണ്ട്.അപേക്ഷയുടേയും അനുബന്ധരേഖകളുടേയും പരിപാലനം ജാഗ്രതയോടെ നിർവ്വഹിക്കാൻ നിർദ്ദേശിക്കുന്നു.

3.നാലുവർഷത്തേയും യു.സി അയച്ചതിന്റെ പകർപ്പ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. യു.സി അയച്ച് വിവരം റിപ്പോർട്ട് ചെയ്യേണ്ടതാണ്.

**6.ശ്രീ.അയ്യൻകാളിടാലന്റ് സേർച്ച് ഡവലപ്മെന്റ് സ്കീം.**

2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നൽകിയവരുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പുതുക്കൽ | പുതിയത് | ആകെ | അനുവദിച്ച തുക |
|---|---|---|---|---|
| 2014-15 | 26 | 53 | 79 | |
| 2015-16 | 17 | 15 | 32 | 1,44,000/- |
| 2016-17 | 13 | 9 | 22 | 99,000/- |
| 2017-18 | 15 | 7 | 22 | 1,08,000/- |

**7.പ്രത്യേക പ്രോൽസാഹന സമ്മാനം.**

1. 2014-15 മുതൽ 2017-18 വരെയുള്ള വർഷങ്ങളിൽ ധനസഹായം നൽകിയ വിദ്യാർത്ഥിക ളുടെ വിവരം അനുവദിച്ച തുക എന്നിവ ചുവടെ ചേർക്കുന്നു.

| വർഷം | കുട്ടികളുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 2014-15 | 48 | 1,55,500/- |
| 2015-16 | 84 | 2,63,000/- |
| 2016-17 | 73 | 2,16,500/- |
| 2017-18 | 85 | 2,75,000/- |
| | | |

പ്രത്യേകം രജിസ്റ്റർ പരിപാലിക്കുന്നില്ല.അക്വിറ്റൻസ് പരിപാലനം തൃപ്തികരമാണ് മറ്റ് പരാമർശങ്ങൾ ഇല്ല.

## പാർട്ട് IV

### മറ്റ് രജിസ്റ്ററുകൾ

**1. ഡെസ്പാച്ച് കം സ്റ്റാമ്പ് അക്കൗണ്ട് രജിസ്റ്റർ**

പരിശോധനാസമയത്ത് (11-09-2018) 515/- രൂപയുടെ സ്റ്റാമ്പ് ബാലൻസ് ഉണ്ടായിരുന്നു. ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മാസംന്തോറും ഫിസിക്കൽ വേരിഫിക്കേഷൻ നടത്തു ന്നുണ്ട്. എന്നാൽ ദൈവാര ഭൗതിക പരിശോധന നടത്തുന്നതായി കാണുന്നില്ല ഗവ. സർക്കുലർ നം.43/88/ഫിൻ തീയതി 03/06/1988 പ്രകാരം ദൈവാര ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തൽ രേഖപ്പെടുത്തി സുക്ഷിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. ഓഫീസ് ആവശ്യത്തിന് പോസ്റ്റേജ് സ്റ്റാമ്പ് വാങ്ങുമ്പോൾ ലഭിക്കുന്ന രസീത് ടി രജി സ്റ്ററിൽതന്നെ ഒട്ടിച്ച് സൂക്ഷിക്കുന്നതായിരിക്കുംഅഭികാമ്യമെന്ന് അഭിപ്രായപ്പെടുന്നു.

**2.ഫർണിച്ചർ രജിസ്റ്റർ**

ഫർണിച്ചർ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. ഈ രജിസ്റ്റർ കാലപ്പഴക്കംകൊണ്ട് ജീർണി ച്ചതാണ്.അതിനാൽ ടി രജിസ്റ്ററിലെ വിവരങ്ങൾ പുതിയ രജിസ്റ്റർ ആരംഭിച്ച് രേഖപ്പെ ടുത്തി സുക്ഷിക്കാൻ നിർദ്ദേശിക്കുന്നു.ഇലക്ട്രോണിക് ഉപകരണങ്ങൾക്ക് പ്രത്യേക രജി സ്റ്റർ പരിപാലിക്കുന്നില്ല.രേഖപ്പെടുത്തലുകൾ തീയതിവച്ച് എഴുതി സുക്ഷിക്കുന്നുണ്ടെ ങ്കിലും വാർഷിക പരിശോധന നടത്തുന്നില്ല. ന്യൂനതകൾ പരിഹരിക്കേണ്ടതാണ്.

**3.കണ്ടിജന്റ് രജിസ്റ്റർ:**

2016-17 ന് ശേഷം രജിസ്റ്റർ പരിപാലിച്ചിട്ടില്ല. ഓഫീസുകളുടെ പ്രവർത്തനക്ഷമത വളരെ വേഗം പരിശോധനാവിധേയമാക്കാൻ നിയമാനുസൃതമുള്ള എല്ലാ രജിസ്റ്ററുകളം പരിപാലിക്കേണ്ടത് അനിവാര്യമാണ്. ന്യൂനത പരിഹരിക്കേണ്ടതാണ്.

**4.പേബിൽ രജിസ്റ്റർ:**

പരിശോധനാകാലയളവിൽ 2 രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട്. രജിസ്റ്ററിൽ പേജ്നമ്പർഇട്ട് സാക്ഷ്യപ്പെടുത്തൽ വരുത്തിയിട്ടില്ല.ഓരോ സാമ്പത്തികവർഷവും ജീവനക്കാരുടെ പൂർണ്ണവിവരങ്ങൾ(PEN NOഉൾപ്പെടെ)രേഖപ്പെടുത്തേണ്ടതും മാസന്തോറുമുള്ള ശമ്പളവിവരങ്ങൾ ഓഫീസർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

**5.ആസ്തി രജിസ്റ്റർ:**ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല .മറ്റ് സ്ഥലങ്ങളിൽനിന്നും വ്യത്യസ്തമായി സ്വന്തം സ്ഥലത്ത് സ്തിതിചെയ്യുന്ന സ്വന്തംകെട്ടിടത്തിലാണ് കാസറഗോഡ് ബ്ലോക്ക് പട്ടികജാതി വികസന ഓഫീസ് പ്രവർത്തിക്കുന്നത്.ഏകദേശം 10 സെന്റോളം സ്ഥലം സ്വന്തമായുണ്ടെങ്കിലും സ്ഥലം സംബന്ധിച്ച യാതൊരുരേഖകളും ഈ ഓഫീസിലില്ല.വില്ലേജ് ഓഫീസുമായി ബന്ധപ്പെട്ട് സ്ഥലംസംബന്ധിച്ചരേഖകൾ ശേഖരിച്ച് ആസ്തിരജിസ്റ്ററിൽ(രജിസ്റ്റർ പരിപാലിച്ച്) ചേർക്കേണ്ടതാണ്.കൂടാതെ വകുപ്പിന്റെ വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് നൽകിയ സ്ഥലങ്ങളിൽ ചിലത് പലബ്ലോക്കുകളിലും ഉള്ളതായി അറിയുന്നു.കൂടാതെ നേഴ്സറി സ്കൂൾ,ഹോസ്റ്റലുകൾ,വകുപ്പിന്റെ ഫണ്ടുപയോഗിച്ചുനിർമ്മിച്ച കമ്മ്യൂണിറ്റി ഹാൾ,മറ്റ് നിർമ്മാണങ്ങൾ എന്നിവയും ഇവ സ്ഥിതിചെയ്യുന്ന സ്ഥലങ്ങളും സ്ഥാപനങ്ങളും വകുപ്പിന്റെ ഉടമസ്ഥതയിൽ ഉണ്ട്.ഇവയും കണ്ടെത്തി രജിസ്റ്ററിൽ ചേർത്ത് ആസ്തി രജിസ്റ്റർ പരിപാലിക്കേണ്ടതാണ് .

**6.ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ**

KFC Vol. I –ART-63 പ്രകാരമുള്ള ആഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ പരിപാലിക്കാൻ നിർദ്ദേശമുണ്ട്.എന്നാൽ ഈഓഫീസിൽ ഇപ്രകാരമുള്ള രജിസ്റ്റർ പരിപാലിക്കുന്നില്ല. ഓരോ കലണ്ടർ വർഷത്തിലും ലഭിക്കുന്ന ആഡിറ്റ് ഒബ്ജക്ഷൻ- ഇപ്രകാരം ഒരു രജിസ്റ്റർ പരിപാലിച്ച്-രേഖപ്പെടുത്തിസൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**7.മൂവ്മെന്റ് രജിസ്റ്റർ:**

08-12-2014 ന് ശേഷം രജിസ്റ്റർ പരിപാലിച്ചിട്ടില്ല. രജിസ്റ്റർ പരിപാലിച്ച് വിവരം റിപ്പോർട്ട്ചെയ്യേണ്ടതാണ്.

**8.ഇങ്കുമ്പന്റ് രജിസ്റ്റർ:**

രജിസ്റ്റർ പരിപാലിച്ചിട്ടില്ല .രജിസ്റ്റർ പരിപാലിച്ച് ജീവനക്കാരുടെ വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കാൻ നിർദ്ദേശിക്കുന്നു.

**9.SC പ്രമോട്ടേഴ്സിന്റെ വർക്ക്ഡയറി.**

സ.ഉ(അച്ചടി) 86/2010 തീയതി.28/07/2010 പ്രകാരം SC പ്രമോട്ടേഴ് വർക്ക്ഡയറി നിശ്ചിത മാതൃകയിൽ എഴുതിസൂക്ഷിക്കുന്നുണ്ട്.ഇത് പരിശോധിച്ച് ബോധ്യപ്പെട്ടു. മറ്റ് പരാമർശ ങ്ങൾ ഇല്ല.

**10.ഹാജർ പുസ്തകം.**എല്ലാ വിഭാഗം ജീവനക്കാരുടേയും( പ്രമോട്ടർമാർ ഉൾപ്പെടെ) അറ്റന്റൻസ് രജിസ്റ്റർ നന്നായി പരിപാലിക്കുന്നുണ്ട്.

**11.TR.5 രസീത്/സ്റ്റോക്ക് രജിസ്റ്റർ.**

1.പഴയ രീതിയിലുള്ള TR.5 രസീത്ബുക്കാണ് ഉപയോഗിച്ചുവരുന്നത്.ബുക്ക്നമ്പർ Iൽ രസീത് നമ്പർ 6 വരെ ഉപയോഗിച്ചിട്ടുണ്ട്.അതിനുശേഷമുള്ളരസീതുകൾ റദ്ദുചെ യ്യേണ്ടതും പുതിയ രീതിയിലുള്ള (01-07-2013 മുതൽ GO(p)77/2010/Fin dtd 18-02-2010 പ്രകാരം നടപ്പിലാക്കിയിട്ടുള്ള Centralised Numbering System ഉള്ള TR.5 രശീതി)[ GO(p)213/2013/Fin dtd 09-05-2013]

രജിസ്റ്റർ പരിപാലിക്കുന്നതായി കാണുന്നില്ല

**പൊതു അഭിപ്രായം**

സ്വന്തം സ്ഥലത്ത് സ്വന്തം കെട്ടിടത്തിലാണ് ബ്ലോക്ക് പട്ടികജാതി വികസനഓഫീസ് പ്രവർത്തിക്കുന്നത് . ഓഫീസ് അന്തരീക്ഷം പൊതുവെ സമാധാനപരമായിതോന്നുന്നു. ബ്ലോക്ക്പഞ്ചായത്ത് ,ജനപ്രതിനിധികൾ,ഗുണഭോക്താക്കൾ എന്നിവരുമായി നല്ലബന്ധം പുലർത്തുന്നതായി കാണുന്നു.ഓഫീസ് പ്രവർത്തനത്തിൽ പ്രമോട്ടർ മാരുടെ സഹക രണം മാതൃകാപരമാണ്. ഓഫീസിന്റെ പ്രവർത്തനത്തിൽ തൃപ്തിരേഖപ്പെടുത്തുന്നു.ഓ ഫീസ് രേഖകൾ സൂക്ഷിക്കുന്നതിനും രജിസ്റ്ററുകളും അക്വിറ്റൻസുകളും പരിപാലിക്കുന്ന തിലും കുറേക്കൂടി ശ്രദ്ധ കാണിക്കേണ്ടതാണ്.

സ്ഥിരം ക്ലാർക്കിന്റെ സേവനം അവശ്യംവേണ്ടുന്ന ഗ്രേഡ് II ഓഫീസുകളിൽ ഒന്നാണ് കാസറഗോഡ് ബ്ലോക്ക് പട്ടികജാതിവികസന ഓഫീസ് എന്ന വസ്തുത കൂടി ബോധ്യ പ്പെടുത്തുന്നു.

പരിശോധനാകുറിപ്പ് അംഗീകാരത്തിന് സമർപ്പിക്കുന്നു.

കെ.കെ.പ്രസാദ്,സീനിയർ സൂപ്രണ്ട്,ഫിൻ.ഇ

M. MUHAMMED HARIS
Joint Secretary to Govt.
Finance Department
O/D, Senior Finance Officer
Directorate of Scheduled Caste Development
Thiruvananthapuram